(24000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രതിമാസം 60 രൂപ വീതം 10 മാസത്തേയ്ക്ക് 600 രൂപയും പാഠ്യോപകരണങ്ങൾക്കും മറ്റുമായി പ്രതിവർഷം 60 രൂപയും എന്ന കണക്കിലാണ് നൽകുന്നത്.) സർക്കാർ തലത്തിൽ ഇത്തരം കുട്ടികളെ താമസിപ്പിച്ച് പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ഹാൻഡിക്യാപ്ഡ്, തിരുവനന്തപുരം.
2. ഹോം ഫോർ ദി മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൺ, കോഴിക്കോട്.
3. കസ്റ്റോഡിയൽ കെയർഹോം ദി ഫോർ ഡിസ്ഏബിൾഡ് ചിൽഡ്രൻ, മഞ്ചേരി, മലപ്പുറം ജില്ല.

(സി) സർക്കാർ വക സ്ഥാപനങ്ങളിൽ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെയോ രക്ഷാകർത്താക്കളുടെയോ അപേക്ഷയുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ ഡോക്ടർമാർ ഉൾക്കൊള്ളുന്ന ഒരു സ്ക്രീനിംഗ് കമ്മിറ്റിയാണ് കുട്ടികളെ തെരഞ്ഞെടുക്കുന്നത്. 3600 രൂപവരെ വാർഷികവരുമാനമുള്ളവർക്ക് ഫീസ് സൗജന്യം കൊടുക്കുന്നു.

(ഡി) ഇത്തരം സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ ഗ്രാന്റ് നൽകുന്നില്ല. എന്നാൽ കേന്ദ്രസർക്കാരിന്റെ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന 74 സ്ഥാപനങ്ങൾ സംസ്ഥാനത്ത് ഉണ്ട്. ലിസ്റ്റ് അനുബന്ധം II * ആയി വെച്ചിരിക്കുന്നു.

(ഇ) സർക്കാർ മേഖലയിൽ താഴെപറയുന്ന സ്ഥാപനങ്ങളാണ് ഉള്ളത്.

1. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ഹാൻഡിക്യാപ്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം.
2. ഹോം ഫോർ ദി മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൺ, കോഴിക്കോട്.
3. കസ്റ്റോഡിയൽ കെയർഹോം ഫോർ ദി ഡിസ്ഏബിൾഡ് ചിൽഡ്രൻ, മഞ്ചേരി, മലപ്പുറം.

ഈ സ്ഥാപനങ്ങളിൽ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ രക്ഷകർത്താക്കളുടെ വാർഷിക വരുമാനം 3600 രൂപയിൽ താഴെയാണെങ്കിൽ പരിശീലനം സൗജന്യമാണ്. കേന്ദ്രസർക്കാരിന്റെ ഗ്രാന്റോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും പരിശീലനം സൗജന്യമാണ്.

കയറുല്പന്നങ്ങളുടെ റിബേറ്റ്

122 (242) ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ആർ. ലതാദേവി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കയറുല്പന്നങ്ങളുടെ റിബേറ്റിന്റെ കേന്ദ്രവിഹിതം നിറുത്തലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) കയറുല്പന്നങ്ങളുടെ മിനിമം എക്സ്പോർട്ട് പ്രൈസ് വെട്ടിക്കുറച്ചിട്ടുണ്ടോ ;

(സി) റിബേറ്റ് നിറുത്തലാക്കിയതിന്റെയും മിനിമം എക്സ്പോർട്ട് പ്രൈസ് വെട്ടിക്കുറച്ചതിന്റെയും ഫലമായി കയർ വ്യവസായ രംഗത്തുണ്ടായിരിക്കുന്ന സ്ഥിതിവിശേഷം നേരിടുന്നതിന് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) റിബേറ്റിന്റെ കേന്ദ്രവിഹിതം നിറുത്തലാക്കിയതായി രേഖാമൂലമുള്ള അറിയിപ്പ് നടപ്പ് വർഷം (2000-2001) റിബേറ്റ് അനുവദിക്കുന്നതിനുള്ള തുടർച്ചാനുമതിയോ കേന്ദ്രസർക്കാരിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) റിബേറ്റ് നിറുത്തലാക്കിയതായി കേന്ദ്ര സർക്കാരിൽ നിന്ന് രേഖാമൂലം അറിയിപ്പ് ലഭിച്ചിട്ടില്ലാത്തതിനാൽ തുടർച്ചാനുമതി ലഭിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട കേന്ദ്ര മന്ത്രിയുമായി കത്തിടപാടുകൾ മന്ത്രിതലത്തിൽ നടത്തിവരുന്നുണ്ട്. എം.ഇ.പി. ഘട്ടം ഘട്ടമായി പിൻവലിക്കുന്നതിന്റെ ഭാഗമായി എംബെലിഷ്മെന്റ് കോസ്റ്റ് നീക്കം ചെയ്തുകൊണ്ട് പുതുക്കിനിശ്ചയിച്ച എം.ഇ.പി., ഫലത്തിൽ നിലവിലുണ്ടായിരുന്ന എം.ഇ.പി. വെട്ടിക്കുറച്ചതിനു തുല്യമായിട്ടാണ് വ്യവസായരംഗത്ത് അനുഭവപ്പെടുന്നത്. ഇതുമൂലം കയറ്റുമതി രംഗത്തുണ്ടായ വ്യതിയാനങ്ങളെക്കുറിച്ചും വ്യവസായ രംഗത്ത് ചെറുകിട ഉൽപ്പാദകർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെക്കുറിച്ചും പഠിക്കാൻ കയർ ബോർഡ് നിയോഗിച്ച ഏജൻസിയെ എം.ഇ.പി. പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. ഗുരുതരമായ ഈ പ്രതിസന്ധി സംബന്ധിച്ച് വിശദാംശങ്ങൾ വകുപ്പുമന്ത്രി കേന്ദ്രമന്ത്രിയെ നേരിട്ടു കണ്ട് ബോധിപ്പിക്കുകയും എം.ഇ.പി. നിറുത്തലാക്കരുതെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപരിയായി റിബേറ്റിന്റെ തുടർച്ചാനുമതി നൽകുന്നതിനും എം.ഇ.പി. 1997 - ലേക്കു നിലനിർത്തണമെന്നും കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിലേയ്ക്കായി ഇക്കഴിഞ്ഞ പാർലമെന്റംഗങ്ങളുടെ കോൺഫറൻസിലും സർക്കാർ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. റിബേറ്റിന് കേന്ദ്ര സർക്കാരിന്റെ തുടർച്ചാനുമതി നടപ്പു വർഷം ലഭിച്ചിട്ടില്ല എങ്കിലും സർക്കാർ 70 ദിവസത്തെ റിബേറ്റ് ഇക്കൊല്ലം പ്രഖ്യാപിച്ചിട്ടുണ്ട്.

ചെറുകിട വ്യവസായ മേഖലയെ ശക്തിപ്പെടുത്താൻ നടപടി

123 (243) ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly